ശ്രദ്ധക്ഷണിക്കൽ

## റബ്ബറിന്റെ വിലയിടിവ്

ശ്രീ. പി.സി. ജോർജ് : സർ, 4 ഏക്കർ റബ്ബർ തോട്ടം ഉള്ളവൻ ബെൻസ് കാറിൽ സഞ്ചരിക്കാൻ യോഗ്യതയുള്ളവനാണെന്ന് വർഷങ്ങൾക്ക് മുമ്പ് കേരള നിയമസഭയിൽ ഒരു മന്ത്രി തന്നെ പറയുകയുണ്ടായി. കേരളത്തിൽ റബ്ബറിനെ കുറിച്ചുള്ള കാഴ്ചപ്പാട് അതായിരുന്നു. എന്നാൽ ഇന്ന് 4 ഏക്കർ റബ്ബർ തോട്ടം ഉണ്ടെങ്കിൽ അവന് ആത്മഹത്യ അല്ലാതെ മറ്റ് മാർഗ്ഗമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ.പി.സി. ജോർജ്, ഇതേ വിഷയം ശ്രീ. പി.റ്റി. എ. റഹീം സബ്മിഷനായി നൽകിയിട്ടുണ്ട്. ശ്രദ്ധക്ഷണിക്കൽ ഉള്ളതുകൊണ്ട് അദ്ദേഹത്തിന് സബ്മിഷൻ അനുവദിച്ചിട്ടില്ല.

ശ്രീ. പി.സി. ജോർജ് : അദ്ദേഹത്തിന് ഇതേ വികാരം ഉണ്ടെന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്, നന്ദി. 4 ഏക്കർ റബ്ബർ തോട്ടം ഉള്ളവൻ ബെൻസ് കാറിൽ സഞ്ചരിക്കുമെന്ന് ഈ സഭയിൽ പറഞ്ഞ മന്ത്രിമാർ വരെയുണ്ട്. ആ സ്ഥാനത്താണ് ഇന്ന് ആത്മഹത്യ അല്ലാതെ മറ്റ് മാർഗ്ഗമില്ലാതായത്. ഇതിന് ആരാണ് ഉത്തരവാദിയെന്ന് ചോദിച്ചാൽ ഭരണാധികാരികളെല്ലാം ഉത്തരവാദികളാണ്. കേരളത്തിൽ 6,50,000 ഹെക്ടറിലാണ് റബ്ബർ കൃഷി നടത്തുന്നത്. 11,50,000-ത്തോളം റബ്ബർ കർഷകർ കേരളത്തിലുണ്ട്. ഇതിൽ 10,20,000-ഉം 200 മരത്തിൽ താഴെയുള്ള ചെറുകിട കൃഷിക്കാരാണ്. അതിനർത്ഥം 50 സെന്റ് മുതൽ 1.5 ഏക്കറിൽ വരെ കൃഷി നടത്തുന്ന പാവപ്പെട്ടവരാണ് കൂടുതലുള്ളത്. റബ്ബർ വിലയിടിവിന്റെ പ്രത്യാഘാതം ഇവർക്കാണ് ഏറ്റവും കൂടുതൽ ഉണ്ടാകുന്നത്. ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ 70 ശതമാനം വരെ ഉപയോഗിക്കുന്നത് 6 വൻകിട ടയർ കമ്പനികളാണ്. ഇവരാണ് റബ്ബർ കർഷകരുടെ പ്രതീക്ഷകൾ

തകർക്കുന്നത്. ഭരണാധികാരികൾ ഇതിന് കൂട്ടുനിൽക്കുകയാണെന്ന് പറയേണ്ടി വരുന്നതിൽ ദു:ഖമുണ്ട്. 2013-14-ൽ ടയർ കമ്പനികൾക്ക് വേണ്ട റബ്ബറിന്റെ മൂന്നിൽ ഒന്ന് ഭാഗവും ഇറക്കുമതി ചെയ്തത് ഭരണാധികാരികളുടെ അനുമതി യോടുകൂടിയാണ്. റബ്ബർ കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അവന് വില നൽകുന്നതിന് പകരം ഇറക്കുമതിയിലൂടെ റബ്ബർ കർഷകനെ കൊല്ലണമെന്ന് നിർബന്ധിക്കുന്നത് ശരിയാണോ? കഴിഞ്ഞ വർഷം മാത്രം ഇറക്കുമതി നടത്തി യത് 3,27,000 ടൺ റബ്ബറാണ്. 9 ലക്ഷത്തോളം ടൺ റബ്ബർ ഉൽപ്പാദനമുണ്ട്. ഇൻഡ്യയിൽ 9,78,000 ടൺ റബർ മാത്രമാണ് ആവശ്യമുള്ളത്. ആ നിലയ്ക്ക് 78,000 ടൺ മാത്രം കുറവുള്ളപ്പോൾ 3,27,000 ടൺ റബ്ബർ ഇറക്കുമതി നടത്തിയ തിനുള്ള ന്യായമെന്താണ്; 78,000 ടൺ റബ്ബറിന് പകരം 1.5 ലക്ഷം ടൺ റബ്ബർ ഇറക്കുമതി നടത്തിയെങ്കിൽ മനസ്സിലാക്കാം, പക്ഷേ, എന്തിന് 3,27,000 ടൺ റബ്ബർ ഇറക്കുമതി നടത്തി? അതിന് ഉത്തരം പറയണ്ടേ. റബ്ബറിന്റെ ഇറക്കുമതി തീരുവ കിലോഗ്രാമിന് 20 രൂപ അല്ലെങ്കിൽ 20 ശതമാനം എന്നുള്ളത് പുന:പരി ശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിൽ നിന്നുമുള്ള മന്ത്രിമാരും എം.പി. മാരും അന്നത്തെ പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെ കണ്ടപ്പോൾ 2013 ഫെബ്രുവരി 26-ന് കേന്ദ്ര വാണിജ്യമന്ത്രാലയം ഒരു കിലോഗ്രാം റബ്ബ റിന് 34 രൂപ അല്ലെങ്കിൽ 20 ശതമാനം എന്ന് തീരുമാനിക്കുമെന്ന് ഉറപ്പ് നൽകി യിരുന്നു. എന്നാൽ അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. പി. ചിദംബരം കേരളത്തിലെ റബ്ബർ കർഷകരോട് വഞ്ചന കാണിച്ചു. യു.ഡി.എഫ്. നേതാക്കൾ ശ്രീമതി സോണിയാ ഗാന്ധിയടക്കമുള്ളവരെ കണ്ട് സമ്മർദ്ദം ചെലുത്തിയപ്പോൾ മാത്ര മാണ് പത്ത് മാസത്തിനുശേഷം റബ്ബറിന്റെ തീരുവ 30 രൂപ അല്ലെങ്കിൽ 20 ശത മാനം എന്ന നിലയിൽ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചത്. ഇത് എത്രയോ ഗതി

കെട്ട സാഹചര്യമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇവിടത്തെ പ്രശ്നം 2013 ഡിസംബർ 31 മുതൽ ആസിയാൻ കരാർ പ്രകാരം 78 റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങളുടെ തീരുവ ഇല്ലാതായി. ഇതോടെ റബ്ബർ ഇറക്കുമതി ഗണ്യമായി കുറഞ്ഞു. 2010-ൽ ഡൽഹി ഹൈക്കോടതി വിധിപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം ദുരുപയോഗപ്പെടുത്തി ടയർ ലോബി കേരളത്തിലെ റബ്ബർ കർഷകരെ കടക്കെണിയിലാക്കി. 250 രൂപ വിലയുണ്ടായിരുന്ന റബ്ബറിന്റെ വില ഇന്ന് 135 രൂപയിൽ എത്തിച്ചിരിക്കുകയാണ്. ഗുണമേന്മ കുറഞ്ഞ റബറിന് അന്താരാഷ്ട്ര വിപണിയിൽ വില കുറഞ്ഞപ്പോൾ അഡ്വാൻസ് ലൈസൻസ് നോട്ട് പെയ്ഡ് ചാനൽ വഴി 2013-14-ലാണ് 50,000 ടൺ റബ്ബർ ആവശ്യമുണ്ടായിരുന്ന സ്ഥലത്ത് 3,27,000 ടൺ റബ്ബർ ഇറക്കുമതി ചെയ്തത്. പാർലമെന്റ് തെരഞ്ഞെടുപ്പുഫലം വരുന്നതിനുമുമ്പ് ടയർ ലോബി, സംയുക്ത റബർ സംഭരണം എന്ന ഓമനപ്പേരിട്ട് ടയർ നിർമ്മാതാക്കളുടെ സംഘടനയായ ‘ആത്മ’ 450 കോടി രൂപ ചെലവഴിച്ച് 30,000 ടൺ റബ്ബർ സംഭരിക്കാനുള്ള നീക്കം നടത്തി. ഇതൊക്കെ റബ്ബർ വിപണിയിൽ പ്രതിസിന്ധി സൃഷ്ടിക്കാനേ ഉപകരിച്ചുള്ളൂ. കേരളത്തിൽ 2013-14-ലെ റബ്ബർ ഉത്പാദനം ഞാൻ ഇവിടെ നേരത്തേ സൂചിപ്പിച്ചതാണ്. റബ്ബർ കൃഷിയെ രക്ഷിക്കാൻ വേണ്ടിയുള്ളതാണ് റബ്ബർ ബോർഡ്. ഇവിടെ, റബ്ബർ സംഭരണം പ്രഖ്യാപിച്ചിട്ട് എന്തുണ്ടായി; ആരാണ് റബ്ബർ സംഭരിച്ചത്; കേരള സർക്കാരിന് ഒരു ഉത്തരവാദിത്വവും ഇല്ലേ; ഞാൻ പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോടു ക്ഷമിക്കണം. കേരള സർക്കാരിന് ഒരു ഉത്തരവാദിത്തവുമില്ല, കേന്ദ്ര സർക്കാരിന് മാത്രമാണോ ഉത്തരവാദിത്വം?

റബറിന്റെ പർച്ചേസ് ടാക്സ് 5% എന്ന നിരക്കിൽ 600 കോടി രൂപ സംസ്ഥാന ഖജനാവിലേയ്ക്ക് വരുന്നുണ്ട്. റബർ കർഷകൻ ഉൽപ്പാദിപ്പിക്കുന്ന റബറിന്റെ പേരിൽ പർച്ചേസ് ടാക്സായി 600 കോടി രൂപ ഈ സർക്കാരിന്റെ ഖജനാവിലേയ്ക്ക് വന്നുകഴിഞ്ഞിട്ടും 100 രൂപ റബർ കൃഷിക്കാരനെ രക്ഷിക്കുന്നതിനുവേണ്ടി നമ്മുടെ സർക്കാർ ചെലവഴിച്ചില്ലെന്നുപറഞ്ഞാൽ എന്നെപ്പോലുള്ള കർഷകന് ഈ രംഗത്ത് എങ്ങനെപിടിച്ചുനിൽക്കാൻ സാധിക്കുമെന്നുകൂടി ഈ ഗവൺമെന്റ് ചർച്ചചെയ്യേണ്ടതാണ്. കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബർമാർക്ക്), റബർ ബോർഡിന്റെ കീഴിലുള്ള റബർ പ്രൊഡ്യൂസർ കമ്പനി എന്നീ ഏജൻസികളെയാണ് റബർ സംഭരിക്കുന്നതിന് ചുമതലയേൽപ്പിച്ചത്. അവർക്ക് പണം കൊടുക്കണ്ടേ; പണം നൽകാതെ റബർ സംഭരിക്കാൻ സാധിക്കുമോ? 2 രൂപ വില വർദ്ധിപ്പിച്ച് റബർ സംഭരിക്കാൻ പറഞ്ഞു, എന്നാൽ 4 രൂപ സംഭരണത്തിനുള്ള കൂലിയായി നൽകണം. അപ്പോൾ 6 രൂപ ഒരു കിലോഗ്രാം റബറിന് നൽകണം. ഞാൻ ചോദിക്കുന്നത്, അവർക്ക് എന്തുകൊടുത്തു? ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും നമുക്ക് കൺസോർഷ്യം രൂപീകരിച്ച് പണമുണ്ടാക്കണമെന്ന് തീരുമാനിച്ചു. ആരോ ഒരാൾ കോടതിയിൽപ്പോയപ്പോൾ കോടതി അത് ചെയ്യണ്ടായെന്ന് പറഞ്ഞു. സർക്കാരിന്റെ സഞ്ചിത നിക്ഷേപത്തിൽനിന്ന് കാശു കൊടുക്കരുതെന്ന് പറഞ്ഞിട്ടില്ല. നമുക്ക് റബർ സംഭരിക്കാൻ 100 കോടി രൂപയെങ്കിലും മാറ്റിവയ്ക്കണ്ടേ? എത്ര കോടി രൂപ കെ.എസ്.ആർ.ടി.സി. ക്ക് കൊടുത്താലും എനിക്ക് തർക്കമില്ല. വെറും 31,000 പാവപ്പെട്ട തൊഴിലാളികളുള്ള കെ.എസ്.ആർ.ടി.സി. യെ രക്ഷിക്കാൻ 110 കോടി രൂപ ഖജനാവിൽനിന്ന്

കൊടുത്തു. എന്നാൽ 11.5 ലക്ഷം കർഷകരുള്ള പാവപ്പെട്ട റബർ കർഷകരെ രക്ഷിക്കാൻ, അവരിൽനിന്ന് 600 കോടി രൂപ ടാക്സിനത്തിൽ ഖജനാവിൽ വരുമാനമുണ്ടായിട്ട് 100 രൂപ കൊടുത്തില്ലായെന്ന് പറഞ്ഞാൽ ഈ രംഗത്ത് എങ്ങനെയാണ് റബർ കർഷകരെ കാണാൻ കഴിയുന്നത്? അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട കാര്യമാണ് റബറിന്റെ റീപ്ലാന്റ്. റീപ്ലാന്റ് ചെയ്യാൻ 10500 രൂപ കർഷകന് റബർ ബോർഡ് നൽകുകയാണ്. ആ തുക കൊണ്ട് റീ-പ്ലാന്റ് ചെയ്യാൻ സാധിക്കുമോ; അതിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കണം. ഒരു ഹെക്ടർ സ്ഥലത്ത് റബർ റീപ്ലാന്റ് ചെയ്യുന്നതിന് 2.25 ലക്ഷം രൂപയെങ്കിലും കർഷകന് ചെലവ് വരും. അതുകൊണ്ട് കർഷകന് റബർ കൃഷിചെയ്യാൻ സാധിക്കുമോ? ഇവിടത്തെ സ്ഥിതിയെന്താണ്; ആകപ്പാടെ കേരള..... (ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ശ്രീ. സാജു പോൾ, ഇക്കാര്യത്തിൽ എല്ലാപേർക്കും ഒരേ അഭിപ്രായമാണുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, റബർ ഇറക്കുമതി പൂർണ്ണമായും നിരോധിക്കണം. ....(ബഹളം)....... അല്ലെങ്കിൽ ഇറക്കുമതി തീരുവ ഗണ്യമായി വർദ്ധിപ്പിക്കണം. 2008-ലെപ്പോലെ റബറിന്റെ അവധി വ്യാപാരം നിർത്തലാക്കണം. കർഷകർക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും യഥാസമയം അത് വിതരണം ചെയ്യുകയും വേണം. ദീർഘകാല വിലസ്ഥിരതയ്ക്കായി റബറിന് ഇൻഷുറൻസ് പരിരക്ഷാ പദ്ധതി നടപ്പിലാക്കണം. കേന്ദ്രഗവൺമെന്റിന്റെ ഫണ്ടിൽ നിന്നും റബർ സംഭരണത്തിനായി 1000 കോടി രൂപ നൽകണം. അതോടൊപ്പം കേരള സർക്കാർ 100 കോടി രൂപയെങ്കിലും ഉടൻ നൽകി റബർ സംഭരണം ആരംഭിക്കണം. ഏറ്റവും വേദനിക്കുന്ന ഒരനുഭവംകൂടിയുണ്ട്, റബർ പാലിന് വിലയില്ല, കൃഷിക്കാരൻ തകർന്നു, അവന് റബർ മരം വെട്ടി വിൽക്കാമെന്ന് വിചാരി

ച്ചാലും കഴിയില്ല, വില 2000 രൂപ കൂട്ടിയെങ്കിലും, റബർ മരവുമായി വരുന്ന ലോറി പിടിക്കപ്പെട്ടാൽ 4000 രൂപ പിഴ അടയ്ക്കണം. ഈ നഷ്ടം മുഴുവൻ കർഷകരാണ് സഹിക്കേണ്ടത്. പെരുമ്പാവൂർ കേന്ദ്രമായി ആയിരത്തോളം പ്ലൈവുഡ് കമ്പനികളുണ്ട്. അവർ വിലകുറച്ച് തടി നൽകുകയാണ്. റബർ തടി വില കുറയ്ക്കുമ്പോൾ ആർക്കാണ് നഷ്ടം വരുന്നത്? കച്ചവടക്കാർ വീട്ടിൽനി ന്നുകൊണ്ടുവന്ന് കാശ് കൊടുക്കുമോ? ഒരു ടണിന് 1000 രൂപ കൂട്ടിയാൽ കൃഷിക്കാരന് 500 രൂപ നഷ്ടം വരും, കച്ചവടക്കാരന് നഷ്ടം വരുന്നില്ല. ഗവൺമെന്റ് ടാക്സ് ഏർപ്പെടുത്തിയാൽ അത് കൃഷിക്കാരന്റെ തലയിലാണ്. ഇന്ന് 100 റബർ മരമുണ്ടെങ്കിൽ മുറിച്ചുവിൽക്കാൻ സാധിക്കില്ല, അത് കത്തിച്ചു കളയേണ്ട സ്ഥിതിയാണ്. ഈ കൃഷി എങ്ങനെ മുന്നോട്ടുപോകും? ഇവിടെ കർഷകരെ രക്ഷിക്കണ്ടേ? ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ പങ്കെടു ത്തുകൊണ്ട് ശ്രീ. കെ. എം. മാണി കൊടുത്ത നിർദ്ദേശം ഞാൻ സ്വാഗതം ചെയ്യുകയാണ്. കേന്ദ്രസർക്കാർ 1000 കോടി രൂപയുടെ വിലസ്ഥിരതാഫണ്ട് രൂപീകരിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. അപ്പോൾ കേരള സർക്കാർ തുകയൊന്നും കൊടുക്കണ്ടേ; 100 കോടി രൂപയെങ്കിലും നൽകിയാൽ വളരെ സന്തോഷമായി. അതുപോലെതന്നെ ഇറക്കുമതി തീരുവ 20 ശതമാനത്തിൽ നിന്ന് 25 ശതമാനമാക്കണമെന്നാണ് ശ്രീ. കെ. എം. മാണി കേന്ദ്ര സർക്കാരി നോട് ആവശ്യപ്പെട്ടിരിക്കുന്നത് 100% കർഷകരെ രക്ഷിക്കാൻ വേണ്ടിയാണ്. ഈ കാര്യത്തിലൊക്കെ ഒരു തീരുമാനമുണ്ടാകണം. കൊടുക്കാമെന്നുപറഞ്ഞ് മനുഷ്യരെ കളിപ്പിക്കരുത്. രണ്ട് രൂപ എന്നത് മാറ്റി കിലോഗ്രാമിന് 10 രൂപയെങ്കി

ലും വർദ്ധനവരുത്തിക്കൊണ്ട് റബർ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി സംഭരണമാരംഭിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, റബറിന് ഒരു തറവിലയല്ലേ പ്രഖ്യാപിക്കേണ്ടത്; തറവില പ്രഖ്യാപിക്കാതെ മാർക്കറ്റ് റേറ്റിൽ നിന്ന് ഒരു രൂപയോ രണ്ടുരൂപയോ വർദ്ധിപ്പിച്ചാൽ കർഷകന് എന്തെങ്കിലും ഗുണമുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, 10 രൂപയെങ്കിലും വില വർദ്ധിപ്പിച്ചുകൊണ്ട് റബർ സംഭരണമാരംഭിക്കണം. ഇപ്പോൾ രണ്ടുരൂപ വില വർദ്ധിപ്പിച്ചുകൊടുക്കാമെന്നുപറയുന്നു, എത്ര സംഭരിക്കാൻ കഴിയും? സംഭരിച്ചാലത് മാർക്കറ്റിൽ വരികയില്ലേ; അപ്പോൾപ്പിന്നെ വിലയുണ്ടാകുമോ? അതുകൊണ്ട് കിലോഗ്രാമിന് 10 രൂപയെങ്കിലും വില വർദ്ധിപ്പിച്ചുകൊണ്ട് റബർ സംഭരിക്കാനുള്ള തീരുമാനമെടുക്കണമെന്നാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കാനാണ് ഞാൻ ഈ വിഷയം അവതരിപ്പിച്ചത്. ഇപ്പോൾ അങ്ങയെ മാത്രമെ കർഷകർക്ക് വിശ്വാസമുള്ളൂ. അതും കൂടി നഷ്ടപ്പെടുത്തുന്ന മറുപടി അങ്ങിൽനിന്നുണ്ടായി റബർ കർഷകരുടെ ശത്രുവായി ഈ ഗവൺമെന്റ് മാറരുത് എന്ന് വിനയപുരസരം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പി. സി. ജോർജ് ഇവിടെ ഉന്നയിച്ച ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം കേരളത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ്. സ്വാഭാവിക റബറിന് വിലയിടിവ് ഉണ്ടായി, ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അന്തർദേശീയ മാർക്കറ്റിലെ റബറിന്റെ വില കുത്തനെ ഇടിഞ്ഞതാണ് ഈ വലിയ മാറ്റത്തിന്

കാരണമായിരിക്കുന്നത്. സംസ്ഥാനത്ത് സ്വാഭാവിക റബറിന്റെ വില 2011-ൽ ക്വിന്റലിന് 24,569 രൂപ ആയിരുന്നത് ഇപ്പോഴത് 14,400 രൂപയായി കുറഞ്ഞിരിക്കുന്നു. ഒരു കിലോഗ്രാമിന് 100 രൂപയുടെ വ്യത്യാസമാണ് വന്നിരിക്കുന്നത്. ഇത് കർഷകനെ സംബന്ധിച്ചിടത്തോളം താങ്ങാൻ പറ്റുന്നതിനുമപ്പുറത്താണ്. കാരണം, വില വർദ്ധിച്ചതനുസരിച്ച് കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വർദ്ധിച്ചു, ജീവിത ചെലവും വർദ്ധിച്ചു. വിലയിടിയുമ്പോൾ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കുറയുന്നില്ല. ചെലവാക്കികൊണ്ടിരിക്കുന്ന ജീവിത രീതിയിൽനിന്ന് മാറാനും സാധിക്കില്ല. ഇതാണ് കർഷകനെ ഏറ്റവുമധികം ബുദ്ധിമുട്ടിലേയ്ക്ക് എത്തിച്ചിരിക്കുന്നത്. ഈ സാഹചര്യം വന്ന അവസരത്തിൽതന്നെ പരിമിതമായ തോതിലെങ്കിലും, പൂർണ്ണമായും അതുകൊണ്ട് പ്രയോജനം കിട്ടുമായിരുന്നുവെന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല, റബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി റബർ സംഭരിക്കുന്നതിന് തീരുമാനമെടുത്തു. 25-02-2014-ൽ സർക്കാർ അത് സംബന്ധിച്ച് ഒരു ഗവൺമെന്റ് ഓർഡർ ഇറക്കി. റബർമാർക്ക്, മാർക്കറ്റ്ഫെഡ്, റബർബോർഡിന്റെ കീഴിലുള്ള റബർ പ്രൊഡ്യൂസിംഗ് കമ്പനികൾ എന്നീ മൂന്നു ഏജൻസികളെ റബർ സംഭരിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ 3 വർഷക്കാലത്തെ ശരാശരി വിലയെടുത്ത് 171 രൂപയെത്തുന്നതുവരെ റബർ സംഭരിക്കാനാണ് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ മാർക്കറ്റ് വിലയിൽനിന്ന് രണ്ടുരൂപ വർദ്ധിപ്പിച്ച് ഓരോ ദിവസവും എടുക്കുക, അപ്പോൾ റബറിന്റെ വില അതനുസരിച്ച് കൂടികൊണ്ടിരിക്കുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചിരുന്നത്. അതുപോലെതന്നെ ഈ റബർ സംഭരിക്കുന്ന ഏജൻസികൾക്ക് ഒരു കിലോഗ്രാമിന് 6 രൂപ നിരക്കിൽ ഹാൻഡിലിംഗ് ചാർജ്ജ് കൊടുക്കാനും തീരുമാനിച്ചിരുന്നു. ഇതിനാ

വശ്യമായ, സംസ്ഥാന ഗവൺമെന്റ് നൽകേണ്ട തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവുമായിട്ടുണ്ട്. പക്ഷെ, നമുക്ക് ഈ മൂന്ന് ഏജൻസികൾക്ക് റബർ സംഭരിക്കുന്നതിനുള്ള പണം കണ്ടെത്തുന്നതിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനെ ലീഡ് ബാങ്കാക്കികൊണ്ട് 10 ജില്ലാ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തി തുക ബാങ്കുവഴി ഈ 3 ഏജൻസികൾക്കും കൊടുക്കാനാണ് തീരുമാനമെടുത്തിരിക്കുന്നത്. ഈ തീരുമാനങ്ങളൊക്കെ വളരെ വേഗത്തിൽ നടന്നെങ്കിലും ഇതിനോടകം തെരെഞ്ഞെടുപ്പ് പ്രഖ്യാപനം വന്നു, അപ്പോൾ മുമ്പോട്ടു നീങ്ങുന്നതിന് സാങ്കേതികമായ തടസ്സം വന്നു. അത് നമുക്ക് ബുദ്ധിമുട്ടുണ്ടാക്കി.

നമുക്ക് മാർക്കറ്റ് ഇന്റർവെൻഷന് സാധിക്കാത്ത സാഹചര്യം വന്നു. തെരഞ്ഞെടുപ്പിന്റെ കോഡ് ഓഫ് കോൺഡക്റ്റ് മാറിയ ഉടനെതന്നെ വീണ്ടും തുടങ്ങുന്നതിന് ശ്രമിച്ചുവെങ്കിലും ബാങ്കിലെ പണമെടുക്കുന്നതിന് ഒരാൾ സ്റ്റേ വാങ്ങി. ബാങ്ക് കൊടുക്കുന്നത് ബാങ്കിന്റെ ഇന്ററസ്റ്റിന് ദോഷകരമാകുമെന്ന നിലയിൽ വന്നു. ഏതായാലും നമ്മൾ ഉദ്ദേശിച്ച രീതിയിൽ ഈ സാഹചര്യങ്ങൾ, കോഡ് ഓഫ് കോൺഡക്റ്റ് വന്നതും കോടതിയിൽ കേസ് വന്നതുമായി നോക്കുമ്പോൾ ഈ സംഭരണ നിലപാടുമായി മുന്നോട്ടുപോകാൻ സാധിച്ചില്ല. അന്തർദേശീയ മാർക്കറ്റിലെ വിലയിടിവ് അതേപടി നിൽക്കുകയും അത് കൂടുതലായി വരികയും ചെയ്ത സാഹചര്യവും വന്നിട്ടുണ്ട്. കേന്ദ്രത്തിൽ മാസങ്ങളായി നമ്മൾ നടത്തിയ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ഇറക്കുമതി തീരുവയുടെ കാര്യത്തിൽ 20 ശതമാനമോ 30 രൂപയോ ഏതാണോ കുറവ് എന്നുള്ള നിരക്ക് ഉണ്ടാക്കി, ആ തീരുവ വർദ്ധിപ്പിച്ചു എന്നതുമാത്രമേ ഈ കാലഘട്ടത്തിൽ കർഷകർക്കുവേണ്ടി ചെയ്യാൻ സാധിച്ചുള്ളൂ. ബാക്കിയുള്ള

കാര്യങ്ങൾ നമ്മൾ ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തെങ്കിലും വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല. റബ്ബർ പ്രതിസന്ധി, റബ്ബർ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം ഗവണ്മെന്റ് ഉൾക്കൊണ്ടുകൊണ്ട് ഏതെല്ലാം വിധത്തിൽ നടപടികൾ സ്വീകരിക്കാം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, മറുപടി പറയാൻ ഇത്രയും വിദഗ്ദ്ധനായ ഒരു വ്യക്തി കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയല്ലാതെ വേറെയാരുമില്ലായെന്ന് ബഹുമാനത്തോടെ ഞാൻ പറയുകയാണ്. റബ്ബർ വില അന്താരാഷ്ട്ര മാർക്കറ്റിൽ കുറഞ്ഞുവെന്നു പറയുന്നു. അത് ഞാൻ അംഗീകരിക്കുന്നു. ബസ്സിന്റേയും ട്രക്കിന്റേയും ടയർ ഉത്പാദിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഏറ്റവും വലിയ പദാർത്ഥമെന്നുപറയുന്നത് റബ്ബറാണ്. റബ്ബറിന് വിലയിടിഞ്ഞുവെങ്കിൽ ടയറിന് എങ്ങനെയാണ് വില കൂടുന്നത്,. ഇവിടെ ടയറിന് വില കുറഞ്ഞിട്ടില്ലല്ലോ? ടയറിന്റെ വില കൂടുകയും റബ്ബറിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് അന്താരാഷ്ട്ര മാർക്കറ്റുമായി കമ്പയർ ചെയ്യുന്നതിൽ അർത്ഥമില്ല. മിനിമം 5 രൂപയെങ്കിലും കൂട്ടി റബ്ബർ സംഭരിക്കാമെന്ന് അങ്ങ് തീരുമാനിക്കണം. പണമില്ലെന്നു പറഞ്ഞിട്ട് എന്താണ് കാര്യം. നമ്മുടെ ഖജനാവിലേയ്ക്ക് പർച്ചേസ് ടാക്സായി 600 കോടി രൂപ റബ്ബറിൽനിന്നുതന്നെ വരുന്നുണ്ട്. അതിൽനിന്ന് 100 കോടി രൂപയെടുത്തുകൊടുത്താൽ പോരെ? ബഹുമാനപ്പെട്ട കെ.എം. മാണിസാറിന് അതിന് ഒരു മടിയുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു തീരുമാനമെടുത്താൽ മാത്രം മതി. 100 കോടി രൂപ

ഖജനാവിൽ നിന്നെടുത്തുകൊടുത്താൽ നാളെത്തന്നെ റബ്ബറിന് കിലോയ്ക്ക് 5 രൂപ കൂടുതൽ വച്ച് സംഭരിക്കാൻ സാധിക്കും. അങ്ങ് അതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള സന്മനസ്സ് പ്രകടിപ്പിക്കുമോ എന്നാണ് റബ്ബർ കർഷകന് അറിയേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വികാരത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഈ കാര്യത്തെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം. ചീഫ് വിപ്പ് എന്ന നിലയിൽ ബഹുമാനപ്പെട്ട മെമ്പർകൂടെ ആ ചർച്ചയിൽ പങ്കെടുത്ത് അങ്ങയുടെ വികാരം പ്രകടിപ്പിക്കണം. ഈ കാര്യത്തിൽ ഗവണ്മെന്റ് തലത്തിൽ ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യും.

## (2) വ്യവസായ നിർമ്മാണ മേഖലകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. എളമരം കരീം: സർ, രാജ്യത്ത് നടപ്പാക്കിയ നവോത്ഥാനവൽക്കരണ നയങ്ങളുടെ ദുരന്തത്തിന്റെ ഒരു ഭാഗമാണ് ശ്രീ. പി. സി. ജോർജ് ഇവിടെ അവതരിപ്പിച്ച കാർഷിക മേഖലയുടെ തകർച്ച. അതിന്റെ മറ്റൊരു ഭാഗമാണ് വ്യവസായ വികസന രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ച. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് അടിയന്തര നടപടികൾ കൈക്കൊള്ളേണ്ട പ്രധാനപ്പെട്ട ചില വിഷയത്തിലേയ്ക്കാണ് ഞാൻ ശ്രദ്ധക്ഷണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെല്ലാം ഗുരുതുമായ പ്രതിസന്ധിയിലാണ്. കേന്ദ്ര സർക്കാരിന്റെ അടിയന്തരമായ ധനസഹായം ലഭ്യമാകുന്നില്ലെങ്കിൽ കേരളത്തിന്റെ അഭിമാനമായ എഫ്.എ.സി.റ്റി. അടച്ചുപൂട്ടേണ്ട അവസ്ഥയിലാണ്. എല്ലാ തൊഴിലാളി സംഘടനകളും രാഷ്ട്രീയ കക്ഷികളും ഒരുമിച്ചുചേർന്ന് 'Save FACT' എന്ന ഒരു പ്രസ്ഥാനമുണ്ടാക്കി ഈ

പ്രശ്നമുന്നയിച്ചുകൊണ്ട് വലിയ പ്രക്ഷോഭണം നടത്തി. എൽ.എൻ.ജി. എത്തിക്കഴിഞ്ഞാൽ എഫ്.എ.സി.റ്റി. രക്ഷപ്പെടുമെന്നായിരുന്നു എല്ലാപേരും ധരിച്ചിരുന്നത്. എന്നാൽ അതിന്റെ വില 24.35 ഡോളർ നൽകേണ്ടി വന്നപ്പോൾ അമോണിയ പ്ലാന്റും കാപ്രോ ലാക്റ്റം പ്ലാന്റും അടച്ചുപൂട്ടേണ്ടിവന്നു. നാഫ്ത-യെക്കാൾ കൂടുതലാണ് എൽ.എൻ.ജി.-ക്ക് വില നൽകേണ്ടിവരുന്നത്. ഇതിനാവശ്യമായ കോമ്പൻസേഷൻ കേന്ദ്ര ഗവണ്മെന്റ് നല്കുന്നില്ലെങ്കിൽ എൽ.എൻ.ജി. ഉപയോഗിച്ച് ആ ഫാക്ടറി നടത്താൻ കഴിയില്ല. കസ്റ്റംസ് ഡ്യൂട്ടിയും വാറ്റും ചേർന്ന് ഇതിന്റെ വിലയിൽ വലിയ വർദ്ധനവാണ് ഉണ്ടാക്കിയിരിക്കുന്നത്. മാത്രമല്ല, ആ സ്ഥാപനം പുനഃരുദ്ധരിക്കുന്നതിന് പൊതുമേഖലാ പുനഃരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത 921 കോടി രൂപയുടെ പാക്കേജിന് കഴിഞ്ഞ കേന്ദ്ര ഗവണ്മെന്റ് അംഗീകാരം നൽകിയില്ല. അവസാനത്തെ ക്യാബിനറ്റിലെങ്കിലും അംഗീകരിച്ചുകിട്ടുമെന്ന് എല്ലാപേരും പ്രതീക്ഷിച്ചതായിരുന്നു. പക്ഷേ അതും നടന്നില്ല. ഈ പ്രശ്നം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ബി.ആർ.പി.എസ്.സി.-യുടെ പാക്കേജിന് അംഗീകാരം നേടാൻ അടിയന്തരമായി മുഖ്യമന്ത്രി നേരിട്ട് നേതൃത്വം കൊടുത്ത് നടത്തേണ്ടതായിട്ടുണ്ട്. കേരള സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന സ്ഥാപനമാണ് കൊച്ചി തുറമുഖം. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ കമ്മീഷൻ ചെയ്തതിനുശേഷം കൊച്ചി തുറമുഖം പ്രതിസന്ധിയിലാണ്. ഐ.സി.റ്റി.റ്റി.-യുമായുള്ള കരാറനുസരിച്ച് അവർക്ക് ലഭിക്കുന്ന വരുമാനത്തിന്റെ 33.33 ശതമാനം കൊച്ചി തുറമുഖത്തിനാണ്. എന്നാൽ ഡ്രഡ്ജിംഗിന്റെ മുഴുവൻ ബാധ്യതയും കൊച്ചി തുറമുഖമാണ് വഹിക്കേണ്ടത്. ഈ വരുമാനംകൊണ്ട് ഡ്രഡ്ജിംഗിന്റെ ബാധ്യത നിർവ്വഹിക്കാൻ കഴിയുന്നില്ല. ശമ്പളം കൊടുക്കാൻപോലും കാശില്ലാത്തവിധ

ത്തിൽ ഗുരുതരമായ പ്രയാസത്തിലാണ് ഇന്ന് കൊച്ചി തുറമുഖം. 400 കോടി രൂപയെങ്കിലും അടിയന്തരമായി ഗ്രാന്റ് ലഭിക്കുന്നില്ലെങ്കിൽ തുറമുഖത്തിന് ഇന്നത്തെ നിലയിൽ പ്രവർത്തിച്ചുപോകാൻ കഴിയില്ലെന്നതാണ് അവസ്ഥ. ഡ്രഡ്ജിംഗിന്റെ ചെലവ് കേന്ദ്ര ഗവണ്മെന്റ് വഹിക്കുന്ന നിലയിൽ ഐ.സി.റ്റി. റ്റി.-യുമായുള്ള കരാർ പൊളിച്ചെഴുതിക്കൊണ്ട് പുതിയ സംവിധാനം വരുത്താൻ സർക്കാർ നിർദ്ദേശം മുന്നോട്ടുവയ്ക്കണം. രാജ്യത്തിനുതന്നെ അഭിമാനമായ മറ്റൊരു സ്ഥാപനമാണ് കൊച്ചിൻ ഷിപ്പിയാർഡ്. വളരെ ലാഭകരമായി നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ആ സ്ഥാപനം 2014 ഡിസംബർ മാസത്തിനു ശേഷം യാതൊരു ഓർഡറുകളും ഇല്ലാത്ത അവസ്ഥയിലാണ്. ഇന്ത്യൻ നേവി 16000 കോടി രൂപയുടെ എൽ.പി.ഡി. (ലാൻഡിംഗ് പ്ലാറ്റ്ഫോം ഡോക്ക്) നിർമ്മാണത്തിന് ടെണ്ടർ ചെയ്തപ്പോൾ അതിൽ പങ്കെടുക്കാനുള്ള അർഹത പോലും കൊച്ചിൻ ഷിപ്പിയാർഡിന് നല്കിയില്ല. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകുന്നില്ലെങ്കിൽ കൊച്ചിൻ ഷിപ്പിയാർഡും സ്വാഭാവിക മരണത്തിലേയ്ക്ക് നീങ്ങുമെന്നതാണ് ഇന്നത്തെ അവസ്ഥ. 1960-ൽ പ്രവർത്തനമാരംഭിച്ച ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലാഭകരമായി പ്രവർത്തിച്ചിരുന്ന ഒരു കമ്പനിയാണ്. 1987 മുതൽ 2012 വരെ 803 കോടി രൂപയാണ് ആ കമ്പനി ലാഭമുണ്ടാക്കിയത്. ആ കമ്പനി 58.6 ശതമാനം ഓഹരി സ്വകാര്യമേഖലയ്ക്ക് വില്പന നടത്തി. കമ്പനി ഉത്പാദിപ്പിച്ചിരുന്ന ഫിനോൾ, അസറ്റോൺ, ഹൈഡ്രജൻ പെറോക്സൈഡ് തുടങ്ങിയ ഉത്പന്നങ്ങൾ വൻ തോതിൽ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്തതിന്റെ ഫലമായി ഉത്പാദനം കുറയ്ക്കേണ്ടിവന്നു. ഇപ്പോൾ ഏറെക്കുറെ പ്ലാന്റുകൾ വല്ലപ്പോഴും പ്രവർത്തിക്കുന്ന അവസ്ഥയിലായി. 2012 മുതലാണ് ഇറക്കുമതി നിയന്ത്രണം നിക്കം ചെയ്തത്. കേന്ദ്ര ഗവണ്മെന്റുമായി

പലവട്ടം ചർച്ചചെയ്തുവെങ്കിലും അടിയന്തര സാമ്പത്തിക സഹായമായി 60 കോടി രൂപ വാഗ്ദാനം ചെയ്തത് ഇന്നേവരെ ലഭിച്ചിട്ടില്ല. ആ സ്ഥാപനവും അടച്ചുപൂട്ടേണ്ട അവസ്ഥയാണ്. ഇതുതന്നെയാണ് എച്ച്.എം.ടി.-യുടേയും അവസ്ഥ. ജീവനക്കാർക്ക് 1992-ൽ നിശ്ചയിച്ച നിരക്കിലുള്ള ശമ്പളമായിരുന്നു കൊടുത്തുകൊണ്ടിരുന്നത്. 1500 ദിവസത്തിലധികം നീണ്ടുനിന്ന സമരത്തിന്റെ ഫലമായി 1997-ലെ നിരക്കിൽ ശമ്പളം നല്കാമെന്ന് ഇപ്പോഴൊരു ചെറിയ ഒത്തുതീർപ്പ് വന്നു. പക്ഷെ മെഷീൻ ടൂൾസ് വ്യവസായത്തെ പുനരുദ്ധരിക്കാനും സംരക്ഷിക്കാനുമുള്ള ഒരു നയം കേന്ദ്ര ഗവണ്മെന്റ് ആവിഷ്ക്കരിച്ചില്ല. ഒരു കോടി രൂപയുടെ മെഷീൻ ടൂൾസ് ഉത്പാദിപ്പിച്ചാൽ 100 കോടി രൂപ മാനുഫാക്ച്ചറിംഗ് വ്യവസായത്തിൽ സമ്പത്തുണ്ടാക്കുമെന്നതാണ് അവസ്ഥ. പക്ഷെ ആ നിലയിലുള്ളൊരു നീക്കമൊന്നും വരുന്നില്ല. ഒരുകാലത്ത് 3500-ലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്ന കളമശ്ശേരി എച്ച്.എം.ടി.-യിൽ ഇപ്പോൾ 360 തൊഴിലാളികളായി ചുരുങ്ങി. അവിടെയും ബി.ആർ.പി.എസ്.സി. ശുപാർശ ചെയ്ത 75 കോടി രൂപയുടെ അടിയന്തര ധനസഹായം ലഭ്യമാക്കുന്നില്ലെങ്കിൽ എച്ച്.എം.ടി.-യുടെ സ്ഥിതി ഗുരുതരമാകും. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റും വളർച്ചയിലല്ല. അതിന്റെ വികസനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികളെല്ലാം അട്ടിമറിക്കപ്പെട്ടു. പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. ഇപ്പോൾ ആ സ്ഥാപനം നഷ്ടത്തിലേയ്ക്ക് പോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ അതിന്റെ പുനരുദ്ധാരണത്തിന് ഗവണ്മെന്റ് ഇടപെട്ടേപറ്റൂ. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പൊതുമേഖലാ സ്ഥാപനമാണ് കഞ്ചിക്കോട് ഐ.ടി.ഐ. അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന എ.കെ.ജി.-യുടെ സമര

ത്തെത്തുടർന്നാണ് ഇത്തരമൊരു സ്ഥാപനം സ്ഥാപിക്കാൻ അന്ന് തീരുമാനമെടുത്തത്. കഴിഞ്ഞ 20 വർഷമായി 676 കോടി രൂപയാണ് നമ്മുടെ ഖജനാവിന് ലാഭം നേടിക്കൊടുത്തത്. പക്ഷെ കഞ്ചിക്കോട് ഐ.ടി.ഐ.-ക്ക് അനുവദിച്ച തുകപോലും വകമാറ്റി വടക്കേ ഇന്ത്യൻ ലോബി നമ്മുടെ സ്ഥാപനത്തെ തകർക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഐ.ടി.ഐ.-ക്ക് അനുവദിച്ച 932 കോടി രൂപയിൽ 491 കോടി രൂപ ബാംഗ്ലൂരിലേയ്ക്ക് മാറ്റിക്കൊണ്ടുപോയി. കേരളത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതിനുള്ള ഒരു നടപടിയും മാനേജ്മെന്റ് കൈക്കൊള്ളുന്നതിനായി ഗവണ്മെന്റ് ഇടപെടുന്നില്ല.

സംസ്ഥാനത്തെ എൻ.റ്റി.സി. മില്ലുകൾ വലിയ കുഴപ്പത്തിലാണ്. അവിടെ നവീകരണം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഐ.ആർ.ഇ.-യും അതുപോലെ തന്നെയാണ്. കരിമണൽ കള്ളക്കടത്ത് നടക്കുന്നു, ഐ.ആർ.ഇ.-യ്ക്കാവശ്യമായ റാ മെറ്റീരിയൽ കിട്ടുന്നില്ല. അത് ഏറെക്കുറെ നിലച്ച മട്ടിലാണ്. ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ്, കീടനാശിനി ഉൽപ്പാദിപ്പിച്ചിരുന്ന പ്രമുഖ സ്ഥാപനമാണ്. അവരുടെ പ്രധാന ഉത്പ്പന്നം ഡി. ഡി.റ്റി. ആയിരുന്നു. ഇപ്പോൾ വലിയ നഷ്ടത്തിലാണ്. അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ഇൻസ്ട്രമെന്റേഷൻ പാലക്കാട് യൂണിറ്റ് ലാഭത്തിലായിരുന്നു. എന്നാൽ ഉണ്ടാകുന്ന വരുമാനം മുഴുവൻ അതിന്റെ ഹെഡ് ഓഫീസിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നതിനാൽ ഇൻസ്ട്രമെന്റേഷൻ യൂണിറ്റ് ഗുരുതരമായ പ്രതിസന്ധിയിലാണ്. സംസ്ഥാന പൊതുമേഖലയെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ തകർച്ച എല്ലാവർക്കുമറിയാം. പബ്ലിക്

യൂട്ടിലിറ്റി സർവ്വീസ് എന്ന തത്വത്തിൽ കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനുള്ള നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. വൈദ്യുതി മേഖലയെക്കുറിച്ച് പ്രത്യേക ചർച്ച വരുന്നതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ചെലവ് കുറഞ്ഞ വൈദ്യുതിയുടെ ഉൽപ്പാദനത്തിന് ഊന്നൽ നൽകുന്നില്ലെങ്കിൽ സംസ്ഥാനത്തെ വ്യവസായ വികസനവും വളർച്ചയും വളരെയേറെ തടസ്സപ്പെടും. എല്ലാ വ്യവസായ മേഖലയും കുഴപ്പത്തിലാണ്. കളിമൺ വ്യവസായവും ഓട് വ്യവസായവും വലിയ തകർച്ചയിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എളമരം കരീം.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എളമരം കരീം: നിർമ്മാണ വ്യവസായത്തിൽ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ ആവശ്യമാണ്. നിർമ്മാണ സാമഗ്രികൾ കിട്ടുന്നില്ല. വലിയ തോതിലുള്ള കുഴപ്പത്തിലേയ്ക്ക് പോവുകയാണ്. നിർമ്മാണമേഖലയിൽ ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. മണൽ ഖനനം, ചെങ്കല്ല് ഖനനം, പാറ ഖനനം എല്ലാം തടസ്സപ്പെട്ടു നിൽക്കുകയാണ്. കേരളത്തിലെ റെയിൽവേ വികസനം ഗുരുതരമായ പ്രതിസന്ധിയിലാണ്. റെയിൽവേ ലൈൻ ദീർഘിപ്പിക്കുന്നതിനും, ഇരട്ടിപ്പിക്കുന്നതിനും, വൈദ്യുതീകരിക്കുന്നതിനും, ആവശ്യമായ ഫണ്ട് അനുവദിക്കുന്നില്ല. കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലും വലിയ അവഗണനയാണ് കേരളത്തിനുണ്ടായത്. പുതിയ കോച്ച് ഫാക്ടറി നമുക്കനുവദിച്ചത് പ്രാവർത്തികമാക്കാൻ സാധിച്ചില്ല. തിരുവനന്തപുരം ഡിവിഷനും പാലക്കാട് ഡിവിഷനും വിഭജിച്ച് പുതിയ മാംഗ്ലൂർ ഡിവിഷൻ, മധുര ഡിവിഷനും രൂപീകരിക്കുമെന്ന അഭ്യൂഹം വരുന്നു. അത് കേരളത്തിലെ റെയിൽവേയുടെ വരുമാനത്തെ ദോഷകരമായി ബാധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എളമരം കരീം 8 മിനിട്ടായി.

ശ്രീ. എളമരം കരീം: സർ, എനിക്ക് മുൻപുള്ള ആൾ 11 മിനിറ്റ് സംസാരിച്ച ല്ലോ, അങ്ങ് അപ്പോൾ പറഞ്ഞില്ലല്ലോ. കേരളത്തിന് സോൺ അനുവദിക്കണ മെന്ന ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിക്കുന്നില്ല. കേരളത്തിന്റെ വികസ നത്തെ സംബന്ധിച്ച് സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കുന്ന നയം, മാനു ഫാക്ച്ചറിംഗ് സെക്ടറിന് ഒരു പ്രാമുഖ്യവും നൽകുന്നില്ല. സംരഭകത്വ മിഷൻ എന്ന പേരിൽ സംരഭകത്വ വികസനം എന്ന നയം ആവിഷ്ക്കരിച്ച് ഇവിടത്തെ ഉൽപ്പാദന മേഖലയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതും സമ്പത്തുണ്ടാക്കുന്നതുമായ വ്യവസായ വികസനത്തെ സംബന്ധിച്ചുള്ള നയം സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കണം. പി.പി.പി. മോഡൽ എല്ലാത്തിനും പരിഹാരമാണെന്ന നിലയിലേയ്ക്ക് പോകുന്നത് ശരിയല്ല. അവശ്യ മേഖലയിൽ അതായത് കുടിവെള്ളം, വൈദ്യുതി, ട്രാൻസ്പോർട്ട് തുടങ്ങിയ മേഖലയിൽ പൊതുമേഖലയ്ക്കുള്ള പ്രാമുഖ്യം നിലനിർത്തിക്കൊണ്ട് അതിനെ പുനരുദ്ധരിച്ചുകൊണ്ടു പോകുവാനുള്ള സമഗ്രമായ ഒരു നയം സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നില്ലെങ്കിൽ കേരളത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും അത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. ഈ വിഷയത്തിൽ സമഗ്രമായി കാര്യങ്ങൾ പഠിച്ചുകൊണ്ടുള്ള ഒരു ഇടപെടൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുൻവ്യവസായ വകുപ്പുമന്ത്രി കൂടിയായ ശ്രീ. എളമരം കരീം കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വളരെ വിപുലമായ ഒരു പ്രശ്നമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെക്കു

റിച്ച് അങ്ങ് പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഓരോ സ്ഥാപനങ്ങളും ഓരോ തരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എഫ്.എ.സി.റ്റി.–യുടെ പ്രശ്നം നല്ലതുപോലെ അറിയാം, അക്കാര്യത്തിൽ ആദ്യം മുതൽക്കു തന്നെ ഞങ്ങളെല്ലാം ഇടപെടുകയും ചെയ്തിരുന്നു. ഏറ്റവും ഒടുവിൽ പ്രധാനമന്ത്രിയെ നേരിട്ടുകാണാൻ പോയത് ഒരു സൗഹൃദ സന്ദർശനം മാത്രമായിരുന്നുവെങ്കിലും രണ്ട് കാര്യങ്ങൾ പറഞ്ഞു, അതിലൊന്ന് എഫ്.എ.സി.റ്റി.–യുടെ കാര്യവും മറ്റൊന്ന് കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യവുമാണ്. എഫ്.എ.സി.റ്റി. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി ഇന്ന് പ്രവർത്തിക്കുന്നു. ആ സ്ഥാപനം ഇന്ന് അതീവ ഗുരുതരമായ പ്രതിസന്ധിയാണ് നേരിടുന്നത്. കഴിഞ്ഞ ഗവൺമെന്റ് ഒരു പാക്കേജുണ്ടാക്കി, പക്ഷെ ആ പാക്കേജിന് അന്തിമ അംഗീകാരം നൽകുന്നതിന് മുമ്പ് ഇലക്ഷൻ കോഡ് ഓഫ് കോൺഡക്റ്റ് വന്നു. തെരഞ്ഞെടുപ്പിന് മുമ്പും തെരഞ്ഞെടുപ്പിന് ശേഷവും അതിൽ നിന്ന് ഒരു ഇളവ് കിട്ടാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചെങ്കിലും അത് സാധിച്ചില്ല. അത് ക്ലോസ് ചെയ്യുമെന്ന സാഹചര്യം വന്നപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനു ശേഷം 100 കോടി രൂപ കേന്ദ്രത്തിൽ നിന്ന് കിട്ടി, അതുമാത്രമേയുള്ളൂ. 550 കോടി രൂപയുടെ പാക്കേജാണ് തയ്യാറായിട്ടുള്ളത്, അടിയന്തരമായി ആ പാക്കേജിന് അനുമതി കിട്ടിയേ മതിയാകൂ. അല്ലെങ്കിൽ ബുദ്ധിമുട്ടുവരും. അക്കാര്യം ഞാൻ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി, കേന്ദ്ര രാസവള വകുപ്പുമന്ത്രി അനന്ത്കുമാറിന് കത്ത് കൊടുത്തു. അദ്ദേഹത്തിന്റെ മറുപടി എനിക്ക് ഇന്നലെ കിട്ടി. അദ്ദേഹം സെക്രട്ടറിയിൽ നിന്ന് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ അതിൻമേലൊരു തീരുമാനമെടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്.

എച്ച്.എം.റ്റി. നേരിടുന്ന പ്രധാനപ്പെട്ട പ്രതിസന്ധി അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ ഓർഡർ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. വളരെയധികം സാമ്പത്തിക പ്രതിസന്ധിയാണ് അതുമൂലമുണ്ടായിട്ടുള്ളത്. അടിയന്തരമായി അവരുടെ ഉൽപ്പന്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതിന് ഒരു പ്രത്യേക പ്രിഫറൻസ് കൊടുത്താൽ മാത്രമേ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഐ.ആർ.ഇ.എൽ.-ന്റെ ഖനന പ്രവർത്തനങ്ങൾക്കെതിരായി തദ്ദേശവാസികൾ തടസ്സം ഉന്നയിക്കുന്നതു മൂലം കമ്പനി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കാനോ അവിടെ ഖനനം നടത്താനോ സാധിക്കുന്നില്ല എന്നുള്ളതാണ് അവരുടെ ഏറ്റവും വലിയ ബുദ്ധിമുട്ട്. എച്ച്.ഒ.സി.-യുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് താത്കാലികമായി കമ്പനിയുടെ ഉൽപ്പന്നങ്ങൾക്ക് ആന്റി ഡമ്പിംഗ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാലും മൂലധനത്തിന്റെ അപര്യാപ്തത അവരുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു. ഇൻസ്ട്രമെന്റേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട എളമരം കരീം ഇവിടെ പറഞ്ഞു. ഏതെല്ലാം വിധത്തിൽ സപ്പോർട്ട് ചെയ്യാൻ സാധിക്കുമെന്ന് നോക്കുന്നുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അവരിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റ് കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനങ്ങളും അതുപോലെ മുന്നോട്ട് വന്നാൽ മാത്രമേ ആ സ്ഥാപനത്തെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി കൊച്ചിൻ ഷിപ്പിയാർഡിന് പുതിയ ഓർഡറുകളൊന്നും കിട്ടുന്നില്ല. കാര്യമായ പണി ഇല്ലാത്ത സ്ഥിതിയിലേയ്ക്ക് വന്ന ഷിപ്പിയാർഡിന് അടിയന്തരമായി സാമ്പത്തിക സഹായം ലഭിക്കണം. കൊച്ചി തുറമുഖത്തെക്കുറിച്ച് ശ്രീ. എളമരം കരീം പറഞ്ഞതു ശരിയാണ്. അതിന്റെ ആഴം കൂട്ടുന്നതിന് വേണ്ടി വലിയ തുകയാണ്

പോർട്ട് ട്രസ്റ്റ് വഹിക്കേണ്ടി വരുന്നത്. അതിന് ഏതെങ്കിലും വിധത്തിലുള്ള സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടിയേ മതിയാകൂ. 400 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി പോർട്ട് ട്രസ്റ്റ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഏറ്റവും വേഗത്തിൽ തീരുമാനമുണ്ടാക്കാൻ വേണ്ടി ഞാനും കേന്ദ്രത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. തുടർന്നും അത് നൽകുന്നതാണ്. കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ വലിയ പ്രതീക്ഷയാണുണ്ടായിരുന്നത്. പ്രതീക്ഷയ്ക്കനുസരിച്ചുള്ള നീക്കങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ട ജോലി ചെയ്തു കഴിഞ്ഞു. അവർക്ക് ആവശ്യത്തിന് ഭൂമി കൊടുക്കാമെന്ന് പറഞ്ഞത് കൊടുത്തു കഴിഞ്ഞു. കോച്ച് ഫാക്ടറിക്ക് തറക്കല്ലിടുകയും ചെയ്തു. പക്ഷെ, റെയിൽവേ ഒരു പാർട്ണറെക്കൂടി കിട്ടിയതിന് ശേഷം വർക്കു തുടങ്ങുന്നതിനുള്ള ഒരു സ്കീമാണ് വച്ചിരിക്കുന്നത്. ചില കമ്പനികൾ മുന്നോട്ട് വന്നിരുന്നു. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ താത്പര്യം നൽകിയെങ്കിലും അതും അവസാന രൂപത്തിൽ എത്തിയിട്ടില്ല. കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റ് പറഞ്ഞ എല്ലാ ഉത്തരവാദിത്തങ്ങളും നിറവേറ്റിയ സ്ഥാനത്ത് അടിയന്തരമായി അതിന്റെ നടപടി മുന്നോട്ട് കൊണ്ടു പോകണം. നടപടി മുന്നോട്ട് കൊണ്ടുപോകാതിരിക്കുന്നത് സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ള ഉറപ്പിൽ നിന്ന് വ്യത്യസ്തമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. 15 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ് പോകുന്നത്. ഈ സാമ്പത്തിക

വർഷത്തിന്റെ അവസാനമാകുമ്പോൾ കുറേ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി മെച്ചപ്പെട്ട പ്രവർത്തനത്തിലേയ്ക്ക് കൊണ്ടുവന്ന് ലാഭകരമാക്കാമെന്ന പ്രതീക്ഷയാണുള്ളത്. പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഇതി നോടകം തന്നെ ദീർഘകാല ഹ്രസ്വകാല പദ്ധതികൾ കൊണ്ടുവരികയും, റെക്കോർഡ് സാമ്പത്തിക സഹായമായി 563.68 കോടി രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളത്. അതുപോലെ ഇ-പേയ്മെന്റോടുകൂടിയ ഇ-പ്രൊക്യുവർമെന്റ് സംവിധാനത്തിലൂടെ ഏകദേശം 588.44 കോടി രൂപയുടെ ഇടപാടുകളും നട ത്തിയിട്ടുണ്ട്. എല്ലാ വിധത്തിലും കാര്യക്ഷമത വർദ്ധിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ സാമ്പത്തിക നേട്ടത്തിലേയ്ക്കും മെച്ചപ്പെട്ട പ്രവർത്തന ത്തിലേയ്ക്കും കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. സർക്കാരിന്റെ മിഷൻ 676-ൽ ഇത് ഉൾപ്പെടുത്തി ഏറ്റവും പ്രയോജനകരമാക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. അതുപോലെ നിർമ്മാണ മേഖലയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ നിർമ്മാണ മേഖല അതീവ ഗൗരവതരമായ പ്രതിസന്ധി നേരിടുന്നു. അത് മണൽ, പാറ, മണ്ണ് ഈ മൂന്ന് കാര്യങ്ങളുടെ അഭാവംമൂലം നമ്മുടെ നിർമ്മാണ മേഖല....., ഇവിടെ റെയിൽവേ പാത ഇരട്ടിപ്പിക്കലിനായി കേന്ദ്ര ഗവൺമെന്റ് അനുവദി ക്കുന്ന തുക പോലും നമുക്ക് ചെലവഴിക്കാൻ സാധിക്കുന്നില്ല. സാധനങ്ങളുടെ ലഭ്യതക്കുറവ്, അമിതമായ വില, പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ സ്വാഭാ വികമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന എതിർപ്പുകൾ ഇതെല്ലാം നിർമ്മാണ മേഖ ലയിലെ പ്രവർത്തനങ്ങൾക്ക് വളരെയേറെ തടസ്സങ്ങൾ ഉണ്ടാക്കുന്നു. ഇതിന് എങ്ങനെ പരിഹാരമുണ്ടാക്കാൻ സാധിക്കും? വളരെ ഗൗരവമായി ആലോചിച്ച് അതിനുവേണ്ടിയുള്ള തീരുമാനങ്ങൾ എടുത്ത് മുന്നോട്ടു പോകുകയാണ്. പരി

സ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിൽ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഐ.എ. വൈ.-ക്കുള്ള വീടിനുപോലും പലവിധത്തിലുള്ള തടസ്സങ്ങൾ വരുന്നുവെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ചെറിയ വീടുകളുടെ നിർമ്മാണത്തിനുള്ള എല്ലാ തടസ്സങ്ങളും നീക്കാനായി തീരുമാനിച്ചിട്ടുണ്ട്. വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ – അത് പൊതുമേഖലയുടെ പ്രവർത്തന ങ്ങളും അനുമതിയോടു കൂടിയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും തടസ്സം കൂടാതെ മുമ്പോട്ടുകൊണ്ടുപോകുന്നതിന് പൂർണ്ണമായ സപ്പോർട്ട് ഗവൺമെന്റ് കൊടുക്കും. അത് സംബന്ധിച്ച് ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം ഇതാണ് – ചെറിയ വീടുകളുടെ നിർമ്മാണത്തിന് ഒരു തടസ്സവുമുണ്ടാകാൻ പാടില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും അതു പോലെ എല്ലാ അംഗീകാരങ്ങളും വാങ്ങി നടത്തുന്ന സ്വകാര്യ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സാഹചര്യം ഗവൺമെന്റ് ഉണ്ടാക്കും. നമ്മുടെ ഇന്നത്തെ സാമ്പത്തിക വളർച്ച യിൽ ഒരു നിർണ്ണായക പങ്ക് വഹിക്കുന്നത് നിർമ്മാണ മേഖലയിലെ പ്രവർത്തന പുരോഗതിയാണ്. അത് തടസ്സപ്പെടുത്തിയാൽ നമ്മുടെ സാമ്പത്തിക വളർച്ചയെ പോലും ബാധിക്കും. അതിന് ഇങ്ങനെയുള്ള തീരുമാനമെടുത്ത് അത് നടപ്പിലാ ക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലയിലും തളർച്ചയുണ്ടാകാതിരിക്കാൻ പരമാവധി ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നുണ്ട്. കയർ, കൈത്തറി, കശുവണ്ടി, ഖാദി, കരകൗശലം തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ പഠിക്കുകയും ഓരോ മേഖ ലയിലും സംസ്ഥാന വ്യവസായ വകുപ്പ് പ്രത്യേകമായ ശ്രദ്ധ ചെലുത്തി മുന്നോട്ട് നീക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം

ഉന്നയിച്ചതിന് ബഹുമാനപ്പെട്ട അംഗത്തോട് നന്ദി പറയുന്നു. ഗവൺമെന്റിന്റെ പ്രത്യേകമായ ശ്രദ്ധ ഇക്കാര്യങ്ങളിലെല്ലാം ഉണ്ടാകുമെന്ന് വ്യക്തമാക്കുന്നു.

ശ്രീ. എളമരം കരീം: സർ, കേന്ദ്ര പൊതുമേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വരുമ്പോൾ തമിഴ്നാട് കാണിച്ച ഒരു മാതൃക – കേന്ദ്ര ഗവൺമെന്റിന്റെ ചില തീരുമാനങ്ങൾക്കെതിരെ ഡി.എം.കെ.–യായാലും എ.ഐ.ഡി.എം.കെ.–യായാലും ഒരുമിച്ച് നിന്ന് ഫൈറ്റ് ചെയ്ത് അവർ നേട്ടമുണ്ടാക്കി. ഇവിടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും കേന്ദ്ര പദ്ധതികളുടെയും കാര്യത്തിൽ കൃത്യമായ പഠനം നടത്തി എല്ലാവരും ഒരുമിച്ച് ചേർന്ന് കേരളത്തിന്റെ ശബ്ദമായി പുതിയ ഗവൺമെന്റിന് മുന്നിൽ ഉന്നയിക്കണം. പുതിയ ഗവൺമെന്റിന്റെ ഇന്നത്തെ ദിശ പ്രത്യക്ഷമാകുന്നത് Foreign Direct investment-ലേയ്ക്കും സ്വകാര്യവൽക്കരണത്തിലേയ്ക്കുമാണ്. ആ ഒരു സാഹചര്യത്തിൽ നമ്മൾ ഒരുമിച്ച് നിന്ന് പറയുന്നില്ലെങ്കിൽ ശ്രദ്ധിക്കപ്പെടില്ല. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നിർമ്മാണ മേഖലയിലെ പ്രശ്നം, ഇപ്പോൾ എം.എൽ.എ. ഫണ്ടോ ആസ്തി വികസന ഫണ്ടോ പി.ഡബ്ല്യു.ഡി. ടെണ്ടർ ചെയ്തതോ ആയ കെട്ടിട നിർമ്മാണത്തിന് സാമഗ്രികളുടെ വിലക്കയറ്റവും ലഭ്യതക്കുറവും കാരണം ഒരു കോൺട്രാക്ടറും മുന്നോട്ടുവരുന്നില്ല. കൊച്ചിൻ മെട്രോയുടെ പ്രവർത്തനത്തിനുപോലും തടസ്സമുണ്ടാവുകയാണ്. അതിൽ അടിയന്തരമായി ഇടപെടൽ നടത്തണം. നേരത്തെ വ്യവസായ വകുപ്പുമന്ത്രി ഒരു ഇടപെടൽ നടത്തിയിട്ടാണ് ഒരു ചെറിയ റിലീഫ് കിട്ടിയത്. പക്ഷേ സമഗ്രമായ ഒരു തീരുമാനമില്ലെങ്കിൽ....., ഇന്ന് തൊഴിലുള്ള ഒരു മേഖലയാണത്. അത് പൂർണ്ണമായും സ്തംഭിച്ചു പോകും. പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ വന്നു, ആ പൈപ്പിന്റെ പണി പൂർത്തിയാകുന്നില്ലെങ്കിൽ നമ്മൾ ഉദ്ദേശിച്ച ഒരു

വികസനവും വരില്ല. ഈ വിഷയങ്ങളിൽ ഫോക്കസ് ചെയ്തുകൊണ്ടുള്ള ഒരു ഇടപെടൽ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചമായിട്ടും ഉണ്ടാകും. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളും സമീപനങ്ങളും എന്തൊക്കെയാണെന്നുള്ളത് വ്യക്തമായിട്ടില്ല. അതിന് വേണ്ടി കാത്തിരിക്കാം. വ്യക്തത വന്നതിനുശേഷം അതിനോടുള്ള പ്രതികരണമാകാം. എല്ലാറ്റിനെയും എതിർക്കുക എന്ന സമീപനം ഒരിക്കലുമുണ്ടാകില്ല. സംസ്ഥാനത്തിന്റെ പൊതുവായ താല്പര്യം ഏതാണോ മെച്ചപ്പെടുന്നത് അതനുസരിച്ച് നമുക്ക് പ്രവർത്തിക്കാം. അതിന് പ്രതിപക്ഷത്തിന്റെ സഹകരണത്തോടു കൂടി തന്നെ മുന്നോട്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. കേന്ദ്രത്തിൽ കഴിഞ്ഞ ഗവൺമെന്റ് കോൺഗ്രസിന്റേതായിരുന്നു, എന്നിട്ടും ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഇൻ റീട്ടെയ്ലിനെ സംസ്ഥാന ഗവൺമെന്റ് എതിർത്തു. കേരളത്തിന്റെ സാഹചര്യത്തിൽ ഗുണകരമല്ല എഫ്.ഡി.ഐ. എന്നുള്ള അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുണ്ടായിരുന്നത്. നിങ്ങൾക്കും ആ അഭിപ്രായം തന്നെയായിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ടെന്ന് ഞങ്ങൾ കേന്ദ്രത്തിൽ പറഞ്ഞു. കോൺഗ്രസ് ഗവൺമെന്റ് ആയിട്ടുപോലും അന്നെടുത്ത നിലപാട് അതായിരുന്നു. ഇന്ന് കേന്ദ്രഗവൺമെന്റുമായി രാഷ്ട്രീയമായി അഭിപ്രായവ്യത്യാസമുണ്ട്, അത് നിലനിൽക്കും; നിലനിർത്തുകയും ചെയ്യും; സ്വാഭാവികമാണ്. പക്ഷേ അത് ഒരിക്കലും ഭരണരംഗത്ത് പ്രതിഫലിപ്പിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. പക്ഷേ സംസ്ഥാനത്തിന്റെ താല്പര്യത്തിന് എതിരായിട്ടുള്ള കാര്യങ്ങളുണ്ടെങ്കിൽ നമുക്ക് അക്കാര്യങ്ങൾ ഉന്നയിക്കാം. അതിനുവേണ്ടി തന്നെ മുന്നോട്ടു പ്രവർത്തിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.